യസ്യയോഗം ന വാഞ്ഛന്തി വിയോഗഭയകാതരാ:
ഭജന്തി ചരണാംഭോജം മുനയോ ഹരി മേധസ: (9–13–9)
ദേഹം നാവരുരുത്സേfഹം ദു:ഖശോകഭയാവഹം
സർവ്വത്രാസ്യ യതോ മൃത്യുർമ്മത്സ്യാനാമുദകേ യഥാ (9–13–10)

*ശുകമുനി തുടർന്നു:*
ഇഷ്വാകുവിൻെറ മകനായിരുന്നു രാജാവായ നിമി. ഒരു യാഗം തുടങ്ങി വച്ചിട്ട് അതിൽ പങ്കെടുക്കാൻ രാജാവ് വസിഷ്ടമുനിയെ ക്ഷണിച്ചു. ഇന്ദ്രൻെറ ക്ഷണപ്രകാരം മറ്റൊരു യാഗത്തിൽ പങ്കെടുക്കേണ്ടതുണ്ടെന്നും അതുകഴിഞ്ഞ് നിമിയുടെ യാഗശാലയിലേക്ക് വന്നുകൊള്ളാമെന്നും മുനി പറഞ്ഞു. എന്നാൽ മറ്റു പുരോഹിതൻമാരെവച്ച് രാജാവ് യാഗം തുടർന്നു. നിമി യാഗകർമ്മങ്ങൾക്ക് വലിയ വില കൽപ്പിച്ചിരുന്നില്ല. കാരണം ലോകത്തിലെ എല്ലാം ക്ഷണികങ്ങളാണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. വസിഷ്ടൻ തിരിച്ചു വന്നപ്പോൾ യാഗം തുടർന്നതറിഞ്ഞ് കോപിഷ്ഠനായി. അദ്ദേഹത്തിനെ വ്യക്തിപരമായി നിന്ദിച്ചതായി കരുതുകയും ചെയ്തു. മുനി രാജാവിനെ ശപിച്ചു. “നിനക്ക് എല്ലാം അറിയാമെന്ന ഭാവമുണ്ട്. എങ്കിലും നീ മരിച്ചു വീഴും.” രാജാവും മുനിയെ അപ്രകാരം ശപിച്ചു. അങ്ങിനെ വസിഷ്ടന് ഉർവശിയുടേയും മിത്രവരുണൻമാരുടേയും പുത്രനായി ജനിക്കേണ്ടതായി വന്നു.

പുരോഹിതരായ ബ്രാഹ്മണർ നിമിയുടെ ശരീരം തൈലമിട്ടു വച്ച് യാഗസന്നിഹിതരായ ദേവൻമാരോട് നിമിയുടെ ജീവൻ തിരിച്ചു കിട്ടാൻ പ്രാർത്ഥിച്ചു. എന്നാൽ ജീവൻ മുഴുവൻ നഷ്ടപ്പെട്ടിട്ടില്ലാത്ത നിമി ഇപ്രകാരം പറഞ്ഞു. “എൻെറ ശരീരത്തിന് ജീവൻ തിരിച്ചു കിട്ടണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. ഞാനീ ശരീരത്തെ ഒരു തടവറയായി കരുതുന്നു. ഒരു ജ്ഞാനിയും ഒരു ശരീരത്തിൽത്തന്നെ നിവസിക്കാൻ ആഗ്രഹിക്കുകയില്ല. കാരണം അവർക്ക് മരണഭയം സദാ ഇല്ല തന്നെ. വിജ്ഞാനിയായ ഏതൊരുവനും ഭഗവാൻെറ താമരപ്പാദങ്ങളെ പൂജിക്കാനാണ് ആഗ്രഹിക്കുന്നത്. എൻെറ ശരീരം തൈലമിട്ട് പുനരുദ്ധരിപ്പിക്കാൻ എനിക്കാഗ്രഹമില്ല. കാരണം ഈ ശരീരമാണല്ലോ ദുരിതങ്ങൾക്കും ഭയത്തിനും ദു:ഖത്തിനും കാരണം. ദേവൻമാർ അപ്പോൾ ഇങ്ങിനെ അനുഗ്രഹിച്ചു. “ശരീരമില്ലാതെ തന്നെ നീ എല്ലാവരുടെയും കണ്ണുകൾക്കുള്ളിൽ വസിച്ചാലും.” (കണ്ണിൻെറ അടക്കലും തുറക്കലും നിമിയാണ് ചെയ്യുന്നത്).

പിന്നീട് പുരോഹിതർ നിമിയുടെ ശരീരം കടഞ്ഞ് അതിൽനിന്ന് ജീവനുള്ള ഒരു കോശം വേർതിരിച്ചെടുത്തു. അത് മറ്റൊരു മനുഷ്യജീവിയായി വളരാൻ കെൽപ്പുള്ള ഒന്നായിരുന്നു. അതാണ് നിമിപുത്രനായ ജനകൻ. ഒരു പുതിയ രാജകുലം ജനകനാൽ തുടങ്ങി വച്ചു. അദ്ദേഹം ശരീരമില്ലാത്ത ഒരാളുടെ മകനായിരുന്നതിനാൽ വൈദേഹൻ എന്നറിയപ്പെട്ടു. (വിദേഹൻെറ പുത്രൻ). മിഥിലൻ എന്നും അദ്ദേഹത്തിന് പേരുണ്ട്. (കടഞ്ഞെടുത്തവൻ എന്നർത്ഥത്തിൽ). മിഥിലാപുരി നിർമ്മിച്ചതദ്ദേഹമത്രെ.

പരീക്ഷിത്തേ, ഈ രാജപരമ്പരയിൽ പലേ രാജർഷികളും ഉണ്ടായിരുന്നു. അവരെല്ലാം വിജ്ഞാനത്തിൻെറ പരമോന്നതപദവികൾ നേടിയവരായിരുന്നു. യാജ്ഞവൽക്യൻ തുടങ്ങിയ മുനിവര്യൻമാരുടെ സത്സംഗം കൊണ്ടാണീ രാജാക്കൻമാർ ആത്മനിഷ്ഠരായിത്തീർന്നത്. അവരെല്ലാം ജീവിതത്തിൻെറ ദ്വന്ദഭാവങ്ങളെ ജയിച്ചവരായിരുന്നു. ഗൃഹസ്ഥരായി ജീവിക്കുകയായിരുന്നുവെങ്കിലും അവർ സുഖദു:ഖങ്ങളെ തുല്യമായി കരുതി.